# Visit of Minister of State for External Affairs Shri V. Muraleedharan to the Republic of the Sudan and Republic of South Sudan (October 18-22, 2021)

October 16, 2021

---

**വിദേശകാര്യ സഹമന്ത്രി ശ്രീ വി. മുരളീധരന്റെ റിപ്പബ്ലിക് ഓഫ് സുഡാനിലേക്കും റിപ്പബ്ലിക്ക് ഓഫ് സൗത്ത് സുഡാനിലേക്കുമുള്ള സന്ദർശനം** (ഒക്ടോബർ 18-22, 2021)

ഒക്ടോബർ 16, 2021

1. വിദേശകാര്യ, പാർലമെന്ററികാര്യ സഹമന്ത്രി ശ്രീ. വി. മുരളീധരൻ 2021 ഒക്ടോബർ 18 ,19 തീയതികളിൽ റിപ്പബ്ലിക് ഓഫ് സുഡാനിലും 2021 ഒക്ടോബർ 20 മുതൽ 22 വരെയുള്ള തീയതികളിൽ റിപ്പബ്ലിക്ക് ഓഫ് സൗത്ത് സുഡാനിലും ഔദ്യോഗിക സന്ദർശനം നടത്തും. ഇരു രാജ്യങ്ങളിലേക്കുള്ള അദ്ദേഹത്തിന്റെ ആദ്യ സന്ദർശനമായിരിക്കും ഇത്.

2. സുഡാൻ സന്ദർശന വേളയിൽ, വിദേശകാര്യ മന്ത്രി ഡോ. മറിയം അൽ സാദിഖ് അൽ മഹ്ദിയുമായും മറ്റ് പ്രമുഖരുമായും, പരസ്പര താൽപ്പര്യമുള്ള ഉഭയകക്ഷി, പ്രാദേശിക, അന്തർദേശീയ വിഷയങ്ങളിൽ വിദേശകാര്യമന്ത്രി ചർച്ച നടത്തും. സുഡാൻ പരമാധികാര കൗൺസിൽ പ്രസിഡണ്ടായ ആദ്യ ലെഫ്. ജനറൽ അബ്ദൽ ഫത്താഹ് അബ്ദുൽറഹ്മാൻ അൽ ബുർഹാൻ, പ്രധാനമന്ത്രി അബ്ദല്ല ഹംഡോക്ക് എന്നിവയെ അദ്ദേഹം സന്ദർശിക്കും. സന്ദർശന വേളയിൽ സുഡാനിലെ ഇന്ത്യൻ സമൂഹവുമായും വിദേശകാര്യ മന്ത്രി സംവദിക്കും.

3. ദക്ഷിണ സുഡാനിൽ, പ്രസിഡന്റ് ജനറൽ സാൽവ കിർ മയാർഡിട്ടിനെയും അദ്ദേഹം സന്ദർശിക്കും. വിദേശകാര്യ, അന്തർദേശീയ സഹകരണ മന്ത്രി ശ്രീ. മയിക് അയി ഡെങ്, ട്രാൻസിഷണൽ നാഷണൽ ലെജിസ്ലേറ്റീവ് അസംബ്ലി സ്പീക്കർ ജെമ്മ നൂനുകുമ്പ എന്നിവരുമായും കൂടാതെ മറ്റ് വിശിഷ്ട വ്യക്തികളുമായും വിദേശകാര്യ മന്ത്രി കൂടിക്കാഴ്ച നടത്തും. ശ്രീമതി . അദ്ദേഹം ജുബയിലെ ഇന്ത്യൻ സമൂഹത്തെ അഭിസംബോധന ചെയ്യുകയും അവിടെയുള്ള ഇന്ത്യൻ സംരംഭകരുമായി സംവദിക്കുകയും ചെയ്യും. ഇന്ത്യൻ കര സേനയിലെ ഡോക്ടർമാർ ചേർന്ന് ദക്ഷിണ സുഡാനിലെ ജുബയിൽ

നടത്തുന്ന യുണൈറ്റഡ് നേഷൻസ് മിഷന്റെ (UNMISS) ആശുപത്രിയും വിദേശകാര്യമന്ത്രി സന്ദർശിക്കും.

4. സുഡാനുമായും ദക്ഷിണ സുഡാനുമായും ഇന്ത്യയ്ക്ക് ഊഷ്മളവും സൗഹാർദ്ദപരവുമായ ബന്ധമാണുള്ളത്. നിരവധി ഇന്ത്യൻ കമ്പനികൾ ഇരു രാജ്യങ്ങളിലും വിവിധ മേഖലകളിലായി പ്രവർത്തിക്കുന്നു. വർഷങ്ങളായി, സുഡാനിലെയും ദക്ഷിണ സുഡാനിലെയും യുവതലമുറയുടെ നൈപുണ്യ വികസനത്തിൽ ഇന്ത്യ മുൻപന്തിയിലാണ്. രണ്ട് രാജ്യങ്ങളിൽ നിന്നും ഗണ്യമായ എണ്ണം വിദ്യാർത്ഥികൾ ഇന്ത്യയിലുടനീളമുള്ള സ്ഥാപനങ്ങളിൽ പഠിക്കുന്നു. ഇന്ത്യ സുഡാനും ദക്ഷിണ സുഡാനുമായും ആഴത്തിൽ വേരൂന്നിയ സാംസ്കാരിക വ്യക്തിഗത ബന്ധങ്ങൾ പുലർത്തുകയും ചെയ്യുന്നു. ഈ സന്ദർശനം ഇരു രാജ്യങ്ങലുക്കും ഇടയിലുള്ള ബന്ധത്തിൽ പുതിയ ആവേഗം കൊണ്ടുവരാൻ പര്യാപ്തമാണ്.

**ന്യൂ ഡൽഹി**

**ഒക്ടോബർ 16, 2021**

DISCLAIMER: This is an approximate translation. The original is available in English on MEA's website and may be referred to as the official press release.